REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 21-11-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി ഗയാനയുടെ പരമോന്നത ദേശീയ പുരസ്കാരമായ ഓർഡർ ഓഫ് എക്സലൻസ് സ്വീകരിച്ചു.**
- **ഇന്ത്യയുടെ പുതിയ കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലായി K സഞ്ജയ് മൂർത്തി സത്യപ്രതിജ്ഞ ചെയ്തു.**
- **ഭരണഘടനാ വിരുദ്ധ പരാമർശത്തിൽ മന്ത്രി സജി ചെറിയാനെതിരെ തുടരന്വേഷണത്തിന് ഹൈക്കോടതി ഉത്തരവ്.**
- **നടൻ മേഘനാഥന്റെ സംസ്കാരം ഉച്ച കഴിഞ്ഞ് ഷൊർണൂരിലെ വീട്ടു വളപ്പിൽ.**
- **KSEB സേവനങ്ങൾ ഡിസംബർ ഒന്നുമുതൽ ഓൺലൈനിൽ ലഭ്യമാകും.**
- **ഇന്ത്യ- ഓസ്ട്രേലിയ ബോർഡർ- ഗാവസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് ടൂർണമെന്റ് നാളെ ഓസ്ട്രേലിയയിലെ പെർത്തിൽ ആരംഭിക്കും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ഗയാനയുടെ പരമോന്നത ദേശീയ പുരസ്കാരമായ ഓർഡർ ഓഫ് എക്സലൻസ് സ്വീകരിച്ചു. ഗയാനയിലെ സ്റ്റേറ്റ് ഹൗസിൽ ഗയാന പ്രസിഡന്റ് ഡോ. മുഹമ്മദ് ഇർഫാൻ അലി പ്രധാനമന്ത്രിക്ക് പുരസ്കാരം സമ്മാനിച്ചു. മോദിയുടെ ദർശനപരമായ രാഷ്ട്രതന്ത്രം, ആഗോള വേദിയിൽ വികസ്വര രാജ്യങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കൽ, ആഗോള സമൂഹത്തിനായി അസാധാരണ സേവനം, ഇന്ത്യ-ഗയാന ബന്ധം

ശക്തിപ്പെടുത്തുന്നതിന് പ്രതിബദ്ധത എന്നിവ കണക്കിലെടുത്താണ് പുരസ്കാരം സമ്മാനിച്ചത്.

ഇന്ത്യയിലെ ജനങ്ങൾക്കും ഇരു രാജ്യങ്ങളിലെയും ജനങ്ങൾ തമ്മിൽ ആഴത്തിൽ വേരൂന്നിയ ചരിത്ര ബന്ധത്തിനുമായി പുരസ്കാരം സമർപ്പിക്കുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇരു രാജ്യങ്ങൾക്കുമിടയിലെ സൗഹൃദം ദൃഢമാക്കുന്നതിനായി ഇന്ത്യയുടെ തുടർച്ചയായ പ്രതിബദ്ധതയുടെ തെളിവാണ് തന്റെ സന്ദർശനമെന്നും നരേന്ദ്ര മോദി പറഞ്ഞു.

✪✪✪

ഇന്ത്യൻ ചലച്ചിത്ര വ്യവസായത്തിലെ ഒരു നാഴികക്കല്ലാണ് അന്താരാഷ്ട്ര ചലച്ചിത്ര മേളയെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. മേള സഹകരണത്തിനും യുവപ്രതിഭകളെ പരിപോഷിപ്പിക്കുന്നതിനും പ്രചോദന മാകുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

നൂറ് യുവ സർഗ്ഗാത്മക സിനിമാ പ്രവർത്തകർക്ക് മേഖലയിലെ പ്രമുഖരുടെ ഉപദേശം നേടുന്നതിന് അവസരമാണ് ചലച്ചിത്രമേളയെന്ന് കേന്ദ്ര സഹമന്ത്രി L. മുരുഗൻ പറഞ്ഞു. വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം ആരംഭിച്ച ഫിലിം ഫെസിലിറ്റേഷൻ ഏകജാലക സംവിധാനം ഷൂട്ടിംഗിന് അനുമതികൾ നേടുന്നത് എളുപ്പമാക്കിയെന്നും മുരുഗൻ അറിയിച്ചു.

✪✪✪

ഇന്ത്യയുടെ കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലായി K സഞ്ജയ് മൂർത്തി രാവിലെ ന്യൂഡൽഹിയിൽ രാഷ്ട്രപതി ഭവനിൽ സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ദ്രൗപതി മുർമു അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു. 2020 ഓഗസ്റ്റിൽ CAGയായി നിയമിതനായ ഗിരീഷ് ചന്ദ്ര മുർമുവിന് പകരക്കാരനായാണ് സഞ്ജയ് മൂർത്തിയുടെ നിയമനം.

വിദ്യാഭ്യാസ മന്ത്രാലയത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയായി സഞ്ജയ് മൂർത്തി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

✪✪✪

ഭരണഘടനാ വിരുദ്ധ പരാമർശത്തിൽ മന്ത്രി സജി ചെറിയാനെതിരെ തുടരന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിട്ടു. സജി ചെറിയാന് ക്ലീൻചീറ്റ് നൽകിക്കൊണ്ട് പൊലീസ് റിപ്പോർട്ട് കോടതി തള്ളി. പൊലീസ് റിപ്പോർട്ട് അംഗീകരിച്ച മജിസ്ട്രേറ്റ് കോടതി വിധിയും ഹൈക്കോടതി റദ്ദാക്കി. സത്യസന്ധനായ ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്താനും ഹൈക്കോടതി DGP ക്ക് നിർദേശം നൽകി.

ഹൈക്കോടതി ഉത്തരവിൽ നിയമപരമായ തുടർ നടപടി സ്വീകരിക്കുമെന്ന് മന്ത്രി സജിചെറിയാൻ പറഞ്ഞു. സ്വാഭാവികമായും കോടതി തന്റെ ഭാഗം കൂടി കേൾക്കേണ്ടതായിരുന്നു. ഇപ്പോഴത്തെ ഉത്തരവിൽ താൻ കക്ഷിയല്ലെന്നും അഭിഭാഷകരുമായി ആലോചിച്ച് തുടർനടപടി സ്വീകരിക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

മുഖ്യമന്ത്രി വിളിച്ച കേരളത്തിലെ MP മാരുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. LDF, UDF എംപിമാർ യോഗത്തിൽ പങ്കെടുക്കും. മുണ്ടക്കൈ ചൂരൽമല ദുരന്തത്തിൽ കേന്ദ്രസഹായവുമായി ബന്ധപ്പെട്ട ആശങ്കകൾ ചർച്ചചെയ്യാനാണ് യോഗം വിളിച്ചത്. കേരളം ആവശ്യപ്പെട്ട അധികസഹായം അനുവദിക്കാത്തത് സംബന്ധിച്ച് ലോക്സഭയിൽ പ്രതിഷേധം അറിയിക്കുന്ന വിഷയം യോഗത്തിൽ ചർച്ചയായേക്കും.

✪✪✪

പുലർച്ചെ കോഴിക്കോട്ട് അന്തരിച്ച നടൻ മേഘനാഥന്റെ ഭൗതികശരീരം ജന്മനാടായ ഷൊർണൂരിലേക്ക് കൊണ്ടു പോയി. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ കഴിഞ്ഞ കുറെ നാളായി ചികിത്സയിലിരിക്കെയായിരുന്നു 60 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. പ്രശസ്ത അഭിനേതാവ് ബാലൻ K നായരുടെ മകനാണ്. വില്ലൻ വേഷങ്ങളിൽ ഏറെ തിളങ്ങിയ മേഘനാഥൻ 50 ലേറെ ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് രണ്ടിന് ഷൊർണൂരിലെ വീട്ടുവളപ്പിൽ നടത്തും.

മന്ത്രിമാരായ GR അനിൽ, സജി ചെറിയാൻ തുടങ്ങിയവർ അദ്ദേഹത്തിന്റെ വിയോഗത്തിൽ അനുശോചിച്ചു.

✪✪✪

ദേശാടന പക്ഷികളെ ഉൾപ്പടെ നിരീക്ഷിക്കുന്നതിനായി വടക്കൻ കേരളത്തിലെ വിവിധ ഇടങ്ങളിലായി നടത്തിയ സർവ്വെ പൂർത്തിയായി. പക്ഷിശാസ്ത്രജ്ഞൻ ഡോ. സലിം അലിയുടെ 128-ാം ജന്മദിനത്തോടനുബന്ധിച്ചായിരുന്നു പക്ഷിനിരീക്ഷണം.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

**.....വോയ്സ്....**

ബേർഡ് റേസ്- 2024 എന്ന പേരിൽ നടത്തിയ സർവ്വെയിൽ വട ക്കൻ കേരളത്തിൽനിന്ന് 201 ഇനം പക്ഷികളെയാണ് കണ്ടെത്തിയത്. അതിൽ 54 ഇനങ്ങൾ ദേശാടന പക്ഷികളും 14 ഇനങ്ങൾ പശ്ചിമഘട്ടത്തിൽ മാത്രം

കാണുന്നവയുമായിരുന്നു. കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് പക്ഷിയിനങ്ങളിൽ കുറവാണ് രേഖപ്പെടുത്തിയത്. അൻപതിനം നീർപ്പക്ഷികളെയും കണ്ടെത്തുകയുണ്ടായി. വടക്കൻ കേരളത്തിൽ വെള്ളവയറൻ കടൽപ്പരുന്തുകളുടെ എണ്ണത്തിൽ ആശങ്കാജന കമായ കുറവുണ്ടെന്ന് സർവേ സംഘം വിലയിരുത്തി. ദേശാടനപ്പക്ഷി കളുടെ ഇഷ്ട കേന്ദ്രങ്ങമായ മാടായി പ്പാറയിൽ ഇപ്പോൾ പക്ഷികളുടെ വരവ് കുറഞ്ഞിട്ടുണ്ട്. വിനോദ സഞ്ചാരികളുടെ എണ്ണത്തിലുള്ള വർധനവ് പക്ഷി കളുടെ സാന്നിധ്യത്തെ ബാധി ക്കുന്നുണ്ടെന്നും സർവേസംഘം അഭിപ്രായപ്പെട്ടു. കണ്ണൂരിൽ മാടായിപ്പാറ, ചെമ്പല്ലിക്കുണ്ട്, ഏഴോം, ചെറുതാഴം വയൽ എന്നിവിടങ്ങളിൽ സർവേയിൽ പക്ഷിനിരീക്ഷകർ പങ്കെടുത്തു. മലബാർ നാച്വ-റൽ ഹിസ്റ്ററി സൊസൈറ്റിയും,വിങ്സ് ബേർഡ്സ് ഓഫ് ഇന്ത്യയും എച്ച്.എസ്.ബി.സി.യും ചേർന്നാണ് സർവേ നടത്തിയത്.. അവലോകനയോഗം സാമൂഹിക വനവത്കരണ വിഭാഗം മേഖലാ മേധാവി ആർ. കീർത്തി ഉദ്ഘാടനം ചെയ്തു.

✪✪✪

കേരളത്തിലെ മെഡിക്കൽ പി.ജി. കോഴ്സുകളിലെ പ്രവേശനത്തിന് മറ്റന്നാൾ വൈകീട്ട് അഞ്ചുവരെ ഔദ്യോഗിക വെബ്സൈറ്റ് വഴി ഓപ്ഷനുകൾ രജിസ്റ്റർചെയ്യാം. ഒൻപത് ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിലെയും തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിലെയും 18 സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയും പി.ജി. മെഡിക്കൽ സീറ്റുകളിലേക്കാണ് പ്രവേശനം.

✪✪✪

KSEB സേവനങ്ങൾ ഡിസംബർ ഒന്നുമുതൽ ഓൺലൈനിൽ ലഭ്യമാകും. ഇനി മുതൽ ഓഫീസുകളിൽ നേരിട്ട് അപേക്ഷകൾ സ്വീകരിക്കില്ല. പുതിയ കണക്ഷൻ അടക്കം എല്ലാ അപേക്ഷകൾക്കും ഇത് ബാധകമാണ്. സേവനം സമയബന്ധിതമായി നടപ്പാക്കാനാണ് പുതിയ തീരുമാനം. KSEBയുടെ വെബ്സൈറ്റിലെ ഉപഭോക്തൃ സേവന പേജിൽ മലയാളവും തമിഴും കന്നടയും ഉൾപ്പെടുത്തും.

അപേക്ഷ നൽകി രണ്ട് പ്രവൃത്തി ദിവസത്തിനകം സേവനങ്ങൾക്ക് അടയ്ക്കേണ്ട തുക അറിയാനാകും. തുടർ നടപടികളുടെ ഓരോ ഘട്ടവും വാട്സാപിലും SMSലും ഉപയോക്താവിനെ അറിയിക്കും.

✪✪✪

ഇന്ത്യ- ഓസ്ട്രേലിയ ബോർഡർ ഗാവസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് ടൂർണമെന്റ് നാളെ പെർത്ത് ഒപ്ടസ് സ്റ്റേഡിയത്തിൽ ആരംഭിക്കും. ഇന്ത്യൻ സമയം 7.50നാണ് മത്സരം തുടങ്ങുന്നത്. നാളെ മുതൽ ജനുവരി 7 വരെ അഞ്ച്

ടെസ്റ്റുമാച്ചുകൾ ടൂർണമെന്റിലുണ്ട്. ക്യാപ്റ്റൻ രോഹിത് ശർമ്മക്ക് പകരം ആദ്യടെസ്റ്റിൽ ജസ്പ്രീത് ബുംമ്ര ആയിരിക്കും ഇന്ത്യൻ ടീമിനെ നയിക്കുന്നത്. ബാറ്റർ ശുഭ്മാൻ ഗില്ലിനും വിരലിനേറ്റ പരിക്കിനെ തുടർന്ന് ആദ്യ ടെസ്റ്റ് നഷ്ടമാകും.

✪✪✪

വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻസ് ട്രോഫി നേടിയ ഇന്ത്യൻ ടീമിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ടൂർണമെന്റിലുടനീളം ടീം മികച്ച രീതിയിൽ കളിച്ചുവെന്നും അവരുടെ വിജയം ഭാവിയിലെ നിരവധി കായികതാരങ്ങൾക്ക് പ്രചോദനമാകുമെന്നും മോദി സമൂഹ മാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

ജയിൽ ജീവനക്കാരുടെ രണ്ടാമത് ഉത്തര മേഖല സ്പോർട്സ് മീറ്റ് കണ്ണൂരിൽ ആരംഭിച്ചു. കണ്ണൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം പരേഡ് ഗ്രൗണ്ടിൽ M.വിജിൻ MLA ഉദ്ഘാടനം ചെയ്തു. പാലക്കാട് മുതൽ കാസർഗോഡ് വരെ ജില്ലകളിലെ 500 ഓളം ജീവനക്കാർ പങ്കെടുക്കുന്നുണ്ട്.

✪✪✪

ലോക ഫിഷറീസ് ദിനത്തോടനുബന്ധിച്ച് കേന്ദ്ര ഫിഷറീസ് മന്ത്രാലയം ഏർപ്പെടുത്തിയ ഏറ്റവും മികച്ച മറൈൻ ജില്ലാ പുരസ്കാരം കൊല്ലം ജില്ലയ്ക്ക് ലഭിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി നീരജ്ലാൽ.

**......വോയ്സ്.....**

മത്സ്യകൃഷിയുടെ വ്യാപനവും, സുസ്ഥിര മത്സ്യബന്ധനവും ലക്ഷ്യമിട്ട് ഫിഷറീസ് വകുപ്പ് നടത്തിയ വിവിധ പദ്ധതികളുടെ ഫലപ്രാപ്തിയാണ് ജില്ലയെ പുരസ്കാരത്തിന് അർഹമാക്കിയത്. 2021 മുതൽ നടപ്പാക്കിയ പദ്ധതികളാണ് കേന്ദ്രം പരിഗണിച്ചത്. മത്സ്യകൃഷിയിലൂടെ പുതുസംരംഭങ്ങൾ ആരംഭിക്കാൻ നടപ്പാക്കുന്ന പദ്ധതികൾ, സമുദ്ര മത്സ്യബന്ധനത്തിന് നൽകുന്ന പിന്തുണ, സബ്സിഡി വിതരണം, മത്സ്യബന്ധമേഖലയിലെ ആധുനികവത്കരണത്തിന് നൽകുന്ന പ്രോത്സാഹനം എന്നിവ പുരസ്കാരത്തിന് അർഹമാക്കി. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ, ഇൻഷുറൻസ്, ക്ഷേമ പദ്ധതികളിൽ അംഗങ്ങളാക്കൽ എന്നിവയിലും ജില്ല മുന്നിലാണ്.

✪✪✪

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കലോത്സവവട്ടത്തിൽ 293 പോയിന്റുമായി ആതിഥേയരായ കോഴിക്കോട് സിറ്റി ഉപജില്ല മുന്നിൽ. 269 പോയിന്റുമായി കൊടുവള്ളിയാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

ശബരിമലയിൽ മണ്ഡലകാലം ആരംഭിച്ച ശേഷം ഇതുവരെ മൂന്ന് ലക്ഷത്തി 74,000 ലേറെ തീർഥാടകർ ദർശനം നടത്തി. കഴിഞ്ഞ തവണത്തെക്കാൾ ഒന്നര ലക്ഷത്തിലേറെ തീർഥാടകർ ഇതിനകം അധികമായി ദർശനത്തിനെത്തി.

✪✪✪

ശബരിമലയിലെ വിശുദ്ധി സേന വളണ്ടിയർമാർ 24 മണിക്കൂറും മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നു. ദേവസ്വം ബോർഡുമായി ചേർന്നാണ് സംഘം പ്രവർത്തിക്കുന്നത്.. ആയിരം ജീവനക്കാരെയാണ് വിശുദ്ധി സേനയിലേക്ക് നിയോഗിച്ചത്. സന്നിധാനത്ത് മാത്രം 300 വോളണ്ടിയർമാർ പ്രവർത്തിക്കുന്നു.

✪✪✪

ഏലക്കാ വിപണിയിൽ ഉണ്ടായ വില വർധന കാർഷിക മേഖലക്ക് പ്രതീക്ഷ നൽകുന്നു. കഴിഞ്ഞ കുറേ ദിവസങ്ങളായി തുടർച്ചയായി വിപണിയിൽ ഏലക്കായ്ക്ക് വില വർധിക്കുന്ന സാഹചര്യമാണ്.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണയുടെ റിപ്പോർട്ട്.

**.....വോയ്സ്.....**

ഹൈറേഞ്ചിലെ കാർഷിക മേഖലക്ക് ഉണർവ്വേകി ഏലക്കായുടെ ഉയർന്ന വില മൂവായിരത്തിന് മുകളിലേക്കെത്തി. 2700നടുത്താണ് ശരാശരി വില. ചുരുങ്ങിയ ദിവസങ്ങൾക്കിടയിൽ 300 മുതൽ 350 രൂപായുടെ വരെ വിലവർധനവാണ് ഏലക്കായ്ക്ക് ഉണ്ടായിട്ടുള്ളത്. ഏലക്കായുടെ ഉൽപ്പാദനത്തിൽ വന്നിട്ടുള്ള കുറവാണ് വില വർധനവിന് കാരണമെന്ന് പറയപ്പെടുന്നു. കടുത്ത വരൾച്ചയെ തുടർന്ന് മാസങ്ങൾക്ക് മുമ്പ് ഹൈറേഞ്ചിലെ ഏലച്ചെടികൾ വലിയ തോതിൽ ഉണങ്ങി നശിച്ചിരുന്നു. ഇത് ഉത്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഉയർന്ന വില ലഭിക്കുമ്പോഴും വേണ്ടവിധം വിപണിയിൽ എത്തിക്കാൻ ഉൽപ്പന്നമില്ലെന്ന നിരാശയിലാണ് വലിയൊരു വിഭാഗം കർഷകർ.

✪✪✪